(ബി) പ്രസ്തുത ചികിത്സാ സഹായം ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിക്കേണ്ടത് സംബന്ധിച്ച മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(സി) നടപ്പ് സാമ്പത്തിക വർഷത്തിൽ സാമൂഹ്യ സുരക്ഷാ മിഷൻ വഴി ഇതിനകം എത്ര രോഗികൾക്ക് ചികിത്സാ ധനസഹായം നൽകിയെന്നും, ജില്ല തിരിച്ച് യഥാക്രമം എത്ര തുക വീതം നൽകിയെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

**സാമൂഹ്യക്ഷേമ വകുപ്പിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ**

252 (270) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പ് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഇപ്രകാരമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിന് കേന്ദ്രവിഹിതം കൃത്യമായി ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) സാമൂഹ്യക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ വ്യക്തിഗതാനുകൂല്യം നൽകുന്ന പദ്ധതികളുണ്ടോ; എങ്കിൽ അതിനായിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സാമൂഹ്യനീതി, വനിതാ ശിശു വികസന വകുപ്പുകൾ മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) 'അക്സസബിൾ ഇന്ത്യ ക്യാമ്പയിൻ' പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ 28 കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് 8,59,96,000 രൂപ കണക്കാക്കുകയും ആയതിന്റെ 50% തുകയായ 4,29,98,000 രൂപ കേന്ദ്ര സർക്കാർ അനുവദിക്കുകയും ചെയ്തു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നാഷണൽ ആക്ഷൻ പ്ലാൻ ഫോർ ഡ്രഗ്സ് ഡിമാൻഡ് ഡിഡക്ഷൻ (NAPDD), നാഷണൽ ആക്ഷൻ പ്ലാൻ ഫോർ സീനിയർ സിറ്റിസൺ എന്നീ പദ്ധതികൾക്കുള്ള തുക കേന്ദ്ര സർക്കാർ അനുവദിച്ചുനൽകുന്നുണ്ട്. IPSrC, IRCA, DDRS എന്നീ ഇനങ്ങളിലെ അപേക്ഷകർക്ക് പരിശോധനയ്ക്ക് വിധേയമായി ഫണ്ട് അനുവദിച്ചുനൽകുന്നുണ്ട്.

കൂടാതെ 2019-20 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതികൾക്കായി വനിതാശിശു വികസന വകുപ്പിന് ലഭിച്ച കേന്ദ്ര വിഹിതത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | കേന്ദ്ര വിഹിതം (രൂപ) |
|---|---|---|
| 1. | മഹിളാ ശക്തി കേന്ദ്ര (MSK) | 34,32,000 |
| 2 | സ്വധാർ ഗ്രഹ് | 32,26,200 |
| 3 | ഉജ്ജ്വല | 27,97,309 |
| 4 | ബേഠി ബച്ചാവോ ബേഠി പഠാവോ | 4,32,960 |
| 5 | നാഷണൽ ക്രഷ് സ്കീം | 8,68,40,297 |
| 6 | അനുപൂരക പോഷകാഹാര പദ്ധതി (SNP) | 11119.39 ലക്ഷം |

സമ്പുഷ്ട കേരളം (NNM) പദ്ധതിക്ക് ഇതുവരെ 7765.28 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) 1. സ്പോൺസർഷിപ്പ് പദ്ധതി

സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ഭാഗമായി വ്യക്തിഗതാനുകൂല്യമായി സ്പോൺസർഷിപ്പ് പദ്ധതി നടപ്പിലാക്കിവരുന്നു. ജെ.ജെ. ആക്ടിന്റെ പരിധിയിൽ വരുന്ന 18 വയസ്സുവരെ പ്രായമുള്ള കുട്ടികളുടെ സ്ഥാപനേതര സംരക്ഷണം ഉറപ്പാക്കുന്നതിനും സാമ്പത്തിക പരാധീനതമൂലം വിദ്യാഭ്യാസം നേടാൻ കഴിയാത്ത കുട്ടികൾക്ക് പഠനം ഉറപ്പാക്കുന്നതിനുമായി പ്രതിമാസം 2000/- രൂപ ധനസഹായം നൽകുന്നതിനായാണ് സ്പോൺസർഷിപ്പ് പദ്ധതി നടപ്പിലാക്കിവരുന്നത്.

2. പ്രധാനമന്ത്രി മാതൃ വന്ദന യോജന (PMMVY)

മറ്റ് പ്രസവാനുകൂല്യങ്ങൾ ലഭിക്കാത്ത സ്ത്രീകൾക്ക് ആദ്യ പ്രസവത്തിന് വ്യവസ്ഥകൾക്ക് വിധേയമായി മൂന്ന് ഗഡുക്കളായി ആകെ 5,000 രൂപ വ്യക്തിഗത ആനുകൂല്യം നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly